Page 1 of 2

(ഇ) സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷൻ അപ്പെക്സ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി മേൽപദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസ്തുത കമ്മിറ്റി അടുത്ത യോഗം ചേരുന്നത് എന്നാണെന്ന് അറിയിക്കാമോ;

ഇല്ല. ജല ജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം തയ്യാറാക്കുന്ന പുതിയ പദ്ധതികൾക്കാണ് സ്റ്റേറ്റ് ലെവൽ സ്ക്രീം സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരം നൽകുന്നത്. പഞ്ചായത്തുകളുടെ റസല്യൂഷനും, ഡി.ഡബ്ല്യൂ.എസ്.എം. അംഗീകാരവും ലഭിക്കുന്നമുറയ്ക്ക് സ്റ്റേറ്റ് ലെവൽ സ്ക്രീം സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിനായി പദ്ധതികൾ പരിഗണിക്കുന്നതാണ്. സ്റ്റേറ്റ് ലെവൽ സ്ക്രീം സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിനുശേഷമാണ് സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷന്റെ യോഗം ചേരുന്നത്.

(എഫ്) ജല ജീവൻ മിഷൻ പ്രകാരമുള്ള പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് നിർദ്ദേശം ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

2024-ഓടുകൂടി രാജ്യത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കുവാനാണ് ജലജീവൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

തുക്കരിപ്പൂർ ജലജീവൻ മിഷൻ പദ്ധതി

199(2235) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുക്കരിപ്പൂർ മണ്ഡലത്തിലെ തുക്കരിപ്പുരും സമീപ പഞ്ചായത്തുകളും ഉൾപ്പെടുത്തി ജലജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതി എന്നാരംഭിക്കാൻ കഴിയുമെന്നറിയിക്കാമോ?

തുക്കരിപ്പൂർ മണ്ഡലത്തിലെ തുക്കരിപ്പുരും സമീപ പഞ്ചായത്തുകളും ഉൾപ്പെടുത്തി ജലജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുവേണ്ട എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി സ്ഥലലഭ്യത ഉറപ്പാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്നും എത്രകുടുംബങ്ങൾക്ക് പദ്ധതിവഴി ശുദ്ധജലം ലഭിക്കുമെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തൃക്കരിപ്പൂർ മണ്ഡലത്തിലെ തൃക്കരിപ്പൂരും സമീപ പഞ്ചായത്തുകളും ഉൾപ്പെടുത്തി ജലജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിക്ക് 30,142 ലക്ഷം രൂപ അടങ്കൽ തുക വരുന്ന എഞ്ചിനീയറിംഗ് റിപ്പോർട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. പദ്ധതിവഴി തൃക്കരിപ്പൂർ മണ്ഡലത്തിലെ 20,305 കുടുംബങ്ങൾക്കും സമീപ പ്രദേശമായ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കരിവെള്ളൂർ-പെരളം, കാങ്കോൽ-ആലപ്പടമ്പ പഞ്ചായത്തുകളിലെ 10,705 കുടുംബങ്ങൾക്കും ശുദ്ധജലം ലഭിക്കുന്നതാണ്.

പിറവം മണ്ഡലത്തിലെ പദ്ധതികൾ

200(2236) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിറവം മണ്ഡലത്തിൽ ജലവിഭവ വകുപ്പ് ഏതെല്ലാം പദ്ധതികൾക്കാണ് ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയതെന്നറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിറവം മണ്ഡലത്തിൽ ജലസേചന വകുപ്പിനുകീഴിൽ "SDRF - Irrigation Division, Ernakulam - Protection works to the right bank of Muvattupuzha river in division No. 23 of Piravom Municipality downstream of Thottamattathil kadavu" എന്ന 25 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കും പദ്ധതി വിഭാഗം 2 കാര്യാലയത്തിനുകീഴിൽ 26 പ്രവൃത്തികൾക്കായി 129.10 ലക്ഷം രൂപയുടെയും ജല അതോറിറ്റിക്കുകീഴിൽ 3 പ്രവൃത്തികൾക്കായി 68 ലക്ഷം രൂപയുടെയും ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ജല അതോറിറ്റി പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ജല ജീവൻ പദ്ധതി പ്രകാരം ഏതെല്ലാം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഗാർഹിക കണക്ഷനുകൾ മണ്ഡലത്തിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിലേയ്ക്ക് എത്ര രൂപ ചെലവായെന്ന് അറിയിക്കുമോ?

ജലജീവൻ പദ്ധതി പ്രകാരം 9 പഞ്ചായത്തുകളിലായി ഇതുവരെ 3416 കണക്ഷനുകൾ നൽകിയിട്ടുണ്ട്. ആകെ 9131 കണക്ഷനുകൾ നൽകുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതുവരെ 2,63,98,790 രൂപ ചെലവായിട്ടുണ്ട്.

(സി) പുതിയ ഏതെല്ലാം പദ്ധതികളാണ് മണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; അതിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.